# പതിമൂന്നാം കേരള നിയമസഭ.

## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*193 — 13/02/2013 ൽ മറുപടിയ്ക്ക്

## പാറമടകളുടെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ്<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, ഹൈബി ഈഡൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര നിയമം മൂലം സംസ്ഥാനത്തെ പാറമടകളുടെ പ്രവർത്തനം നിലച്ചതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇല്ല. എന്നാൽ 27.02.2012 തീയതിയിലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ധാതുക്കൾ ഖനനം ചെയ്യുന്നതിന് വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ എൻവയോൺമെന്റൽ ക്ലീയറൻസ് ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാരണത്താൽ ക്വാറിയിഗ് ലീസ്, പെർമിറ്റ് എന്നിവ അനുവദിയ്ക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. |
| (ബി) | കേന്ദ്ര നിയമത്തിൽ പാറമടകളുടെ സ്ഥലം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) | 5 ഹെക്ടറിൽ താഴെയുള്ള സ്ഥലത്ത് ക്വാറിംഗ് ലീസ് അനുവദിക്കുന്നതിനും നിലവിലുള്ള ക്വാറിംഗ് ലീസ് പുതുക്കുന്നതിനും വനം, പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള എൻവയോൺമെന്റൽ ക്ലീയറൻസ് ആവശ്യമാണ്. |
| (സി) | പാറമടകൾ പ്രവർത്തിക്കുന്നതിനായി പ്രസ്തുത വ്യവസ്ഥകളിൽ ഇളവ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നതിന് ഹ്രസ്വകാല അനുമതി നൽകുന്നതിന്,സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ അന്തിമ വിധി വരുന്നതുവരെയോ അല്ലെങ്കിൽ ഒരു വർഷത്തേയ്ക്ക്, എൻവയോൺമെന്റൽ ക്ലിയറൻസ് എന്ന വ്യവസ്ഥ ഒഴിവാക്കുവാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ എൻവയോൺമെന്റൽ ക്ലീയറൻസ് ഇല്ലാതെ ക്വാറിംഗ് പെർമിറ്റ് അനുവദിച്ചുവരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ഒരു വർഷം വരെ ചെറുകിട പെർമിറ്റുകൾ നൽകാൻ സർക്കാർ ഉത്തരവ് ജി.ഒ(എംഎസ്) നം.144/2012/വ്യവ. 11.12.2012 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ SLP (C)No.19628-19629/2009 കേസിൽ 27.02.2012 ലെ ഉത്തരവനുസരിച്ച് 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ